# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.419 | | 20.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ) | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.എ.പ്രദീപ്കുമാർ<br>,, വി.ജോയി<br>,, റ്റി.വി.രാജേഷ്<br>പ്രൊഫ.കെ.യു.അരുണൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ), ശുചിത്വ കേരളം (അർബൻ), ശുചിത്വ കേരളം (റൂറൽ), ഹരിതകേരളം മിഷൻ എന്നിവയാണ് സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ |
| (ബി) | ഈ രംഗത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; | (ബി) | വ്യക്തിഗതഗാർഹിക ശൗചാലയ നിർമ്മാണം, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്, വിവര വിജ്ഞാന വ്യാപനം - ശേഷി വികസനം, ഖര-ദ്രവ മാലിന്യ പരിപാലനം എന്നീ ഘടകങ്ങളാണ് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. |
| (സി) | കേരളം സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സമ്പൂർണ്ണ ശുചിത്വ യജ്ഞപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്; | (സി) | 2016 നവംബർ 1 ന് സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങൾ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ വെളിയിട വിസർജ്ജനവിമുക്ത സുസ്ഥിരത, പൊതു ശുചിത്വ സൗകര്യങ്ങൾ, ഖര-ദ്രവ മാലിന്യ പരിപാലനം എന്നീ പ്രധാന പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. |
| (ഡി) | ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി മിഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗാർഹിക - സ്ഥാപന തലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനമൊരുക്കാൻ കഴിയാത്തവർക്കായി കമ്മ്യൂണിറ്റി തലങ്ങളിൽ തുമ്പൂർമൂഴി മാതൃകയിൽ എയ്റോബിക് കമ്പോസ്റ്റിംഗ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടപ്പിലാക്കി വരുന്നു. സാധ്യമായ ഇടങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | | | എം.സി.എഫ്., ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതോടൊപ്പം പുന:ചംക്രമണ വിധേയമല്ലാത്ത പ്ലാസ്റ്റിക്കുകൾ ഷ്രഡ് ചെയ്ത് ഉപയോഗിക്കുന്നതിനായി ഷ്രെഡിംഗ് യൂണിറ്റുകളും സ്ഥാപിച്ചു വരുന്നു. ദ്രവമാലിന്യ പരിപാലനത്തിനായി സോക്ക് പിറ്റ്, സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റ് , സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാന്റ് , എഫ്ളുവൻറ് ട്രീറ്റ്മെൻറ് പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ നൽകി വരുന്നു. കൂടാതെ റസിഡൻസ് അസോസിയേഷനുകൾ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ വലിയ കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് പ്രോജക്ടുകൾക്ക് സാമ്പത്തികവും, സാങ്കേതികവുമായ സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ